**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2534** **13-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(പി)നം. 53/2019/ഫിൻ. തീയതി, 03.05.2019 ഉത്തരവിനെ തുടർന്ന് കേരള ഫിനാൻഷ്യൽ ചട്ടങ്ങളിൽ ആവശ്യമായ നിയമാനുസൃത ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭേദഗതിക്ക് ഏത് തീയതി മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പയുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച സ.ഉ(പി)നം.53/2019/ഫിൻ തീയതി.03.05.2019 ഉത്തരവിനെ തുടർന്ന് കേരള ഫിനാൻഷ്യൽ ചട്ടങ്ങളിൽ ആവശ്യമായ നിയമാനുസൃത ഭേദഗതി വരുത്തിയിട്ടില്ല. |
| (ബി) | വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ളതും കേരള ഫിനാൻഷ്യൽ ചട്ടങ്ങൾ 244 ഡി(2) ൽ പറയുന്ന കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ചുമത്തുന്നതുമായ 2.5 ശതമാനം നിരക്കിലുള്ള പിഴപ്പലിശ 18 ശതമാനമായി സ.ഉ.(പി)നം 53/2019/ഫിൻ. തീയതി, 03.05.2019 എന്ന സർക്കാർ ഉത്തരവിലൂടെ ഉയർത്തിയത്, സ.ഉ.(പി)നം. 505/2009/ഫിൻ. തീയതി, 12.11.2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം 2009 മുതൽ അനുവദിച്ചിട്ടുള്ള എല്ലാ ഭവനവായ്പകൾക്കും ബാധകമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | സ.ഉ(പി)നം.505/2009/ഫിൻ തീയതി.12.11.2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം 2009 മുതൽ അനുവദിച്ചിട്ടുള്ള എല്ലാ ഭവനവായ്പകൾക്കും സ.ഉ(പി)നം.53/2019/ഫിൻ തീയതി.03.05.2019 ഉത്തരവ് ബാധകമാക്കിയിട്ടില്ല. ടി ഉത്തരവിൽ മുൻ കാല പ്രാബല്യം പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഉത്തരവ് തീയതി മുതലാണ് പ്രാബല്യം വരുന്നത്. |
| (സി) | പ്രസ്തുത വർദ്ധനവ്, സർക്കാർ ഉത്തരവിന്റെ/ ബന്ധപ്പെട്ട ചട്ട ഭേദഗതി ഉത്തരവിന്റെ തീയതിയ്ക്ക് ശേഷം അനുവദിക്കുന്ന ഭവന വായ്പകൾക്ക് മാത്രമേ നിയമപ്രകാരം ബാധകമാക്കാൻ കഴിയൂ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള സർക്കാരിന്റെ തീരുമാനം വിശദമാക്കാമോ; | (സി) | സ.ഉ(പി)നം.53/2019/ഫിൻ തീയതി.03.05.2019 സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ല. ടി ഉത്തരവ് മുതൽ ഭവന വായ്പയെടുത്തവർക്കാണ് വർദ്ധിപ്പിച്ച പിഴപ്പലിശ ബാധകമാകുക. |
| (ഡി) | ഒരു സർക്കാർ ജീവനക്കാരന് ഭവന വായ്പ അനുവദിക്കുന്ന സമയത്ത് കേരള ഫിനാൻഷ്യൽ | (ഡി) | സ.ഉ(പി)നം.53/2019/ഫിൻ തീയതി.03.05.2019 ഉത്തരവുപ്രകാരം ഇതുവരെ ആരും പിഴപ്പലിശ്ശ |

| | | | |
|---|---|---|---|
| | ചട്ടങ്ങൾ 244 ഡി(2)ൽ പറയുന്ന കരാർ ലംഘനങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ നിശ്ചയിച്ചിട്ടുള്ള പിഴപ്പലിശ പിന്നീട് ഒരു സർക്കാർ ഉത്തരവിലൂടെ ഭീമമായി ഉയർത്തുന്നത് വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളുടെ ലംഘനമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വായ്പ അനുവദിക്കുന്ന സമയത്ത് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളിൽ പറഞ്ഞിട്ടില്ലാത്ത നിരക്കിലുള്ള പിഴപ്പലിശ ജീവനക്കാരനിൽ നിന്നും നിയമപ്രകാരം ഈടാക്കാൻ കഴിയുമോ; വിശദമാക്കാമോ; | | അടയ്ക്കാൻ ബാധ്യസ്ഥരായിട്ടില്ല. |
| (ഇ) | ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും അനുവദിക്കുന്ന ഭവന വായ്പകളിൽ കരാർ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ ആയത് നേരിയ പലിശ കൂടുതലുള്ള വ്യക്തിഗത വായ്പയായി തരം മാറ്റുന്ന നടപടികൾ മാത്രമാണ് സ്വീകരിക്കുന്നതെന്നിരിക്കെ, സർക്കാർ ജീവനക്കാരന് അനുവദിക്കുന്ന ഭവന വായ്പകളിൽ കരാർ ലംഘനത്തിന്റെ പിഴപ്പലിശയായി സാധാരണ പലിശയുടെ രണ്ട് ഇരട്ടിയിൽ കൂടുതൽ തുക ഈടാക്കുന്നത് ഏത് ചട്ടങ്ങളുടെ/നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിക്കാമോ; | (ഇ) | സ.ഉ(പി)നം.53/2019/ഫിൻ തീയതി.03.05.2019 ഉത്തരവുപ്രകാരം ഇതുവരെ ആരും പിഴപ്പലിശ്ശ അടയ്ക്കാൻ ബാധ്യസ്ഥരായിട്ടില്ല. |
| (എഫ്) | പിഴപ്പലിശ ചുമത്തുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങളിൽ (റഫറൻസ് നമ്പർ ഡിബിഒഡി. ഡിഐആർ. ബിസി. 10/13.03.00/2003-04 ഓഗസ്റ്റ് 14, 2023) വായ്പകളിൽ കരാർ ചട്ടലംഘനം ഉണ്ടാകുന്ന കേസുകളിൽ ചുമത്തുന്ന പിഴപ്പലിശ തികച്ചും ന്യായമായിരിക്കണമെന്നും ആയത് ഒരു വരുമാനമാർഗമായി ഉപയോഗിക്കരുതെന്നുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (എഫ്) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ